**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **13-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ക്ഷീരമേഖലയ്ക്ക് സാധ്യമായതും ക്ഷീരവികസനത്തിന് അനുയോജ്യമായതുമായ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീരകർഷകരുടെ എണ്ണം, ക്ഷീരസഹകരണ സംഘങ്ങളുടെ എണ്ണം, പശുക്കളുടെ എണ്ണം, പാൽ ഉത്പാദനം എന്നീ മാനദണ്ഡങ്ങൾ കൂടാതെ ക്ഷീരഗ്രാമം പദ്ധതിയ്ക്കായി ഫണ്ട് വകയിരുത്തുന്ന പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ഈ സർക്കാർ എത്ര പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്നത് ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ നാളിതുവരെ 82 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. |

| സാമ്പത്തിക വർഷം | ജില്ല | പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 2021-25 | തിരുവനന്തപുരം | 6 |
| | കൊല്ലം | 11 |
| | പത്തനംതിട്ട | 3 |
| | ആലപ്പുഴ | 9 |
| | കോട്ടയം | 9 |
| | ഇടുക്കി | 4 |
| | എറണാകുളം | 4 |
| | തൃശ്ശൂർ | 6 |
| | പാലക്കാട് | 5 |
| | മലപ്പുറം | 4 |
| | കോഴിക്കോട് | 6 |
| | വയനാട് | 5 |
| | കണ്ണൂർ | 7 |
| | കാസർഗോഡ് | 3 |
| | ആകെ | 82 |

| | | | |
|---|---|---|---|
| (സി) | ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ | (സി) | 2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിലെ 4 പഞ്ചായത്തുകൾ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വണ്ടിപെരിയാർ |

| | | | |
|---|---|---|---|
| | തെരഞ്ഞെടുത്തിട്ടുള്ളത്; 2021 മുതൽ ഓരോ വർഷവും പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ? | | ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2024-25 സാമ്പത്തിക വർഷത്തിൽ കഞ്ഞിക്കുഴി, വാഴത്തോപ്പ്, കൊന്നത്തടി എന്നീ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ